## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികൾക്ക് പെൻഷൻ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1489

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. ഡി. സതീശൻ<br>,, കെ. മുരളീധരൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കായി പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രതിവർഷം 100 ദിവസം ജോലിചെയ്യുന്ന തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഒരു പെൻഷൻ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച തൊഴിലാളികൾക്ക് 60 വയസ്സിന് ശേഷം പ്രതിമാസം ഒരു നിശ്ചിത തുക അവരുടെ അക്കൗണ്ടിലുള്ള തുകയുടെ ആനുപാതികമായി പെൻഷനായി ലഭ്യമാക്കുന്നതിന് പെൻഷൻ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ; | (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെ നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പെൻഷൻ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. |
| (ഡി) | ഏതെല്ലാം ഗുണഭോക്താക്കളാണ് പദ്ധതിയുടെ കീഴിൽ വരുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2012-13 സാമ്പത്തികവർഷം 100 ദിവസം പ്രവൃത്തി പൂർത്തീകരിച്ച തൊഴിലാളികൾക്കാണ് ഇതിന്റെ |

| | | | |
|---|---|---|---|
| | | | ആനുകൂല്യം ലഭിക്കുന്നത്. സ്വാവലംബൻ പദ്ധതിയിൻ കീഴിലല്ലാതെ മറ്റേതെങ്കിലും പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. 18 നും 59 ഇടയിൽ പ്രായമുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ